(ജെ) ഏകദേശം 5.9 കോടി രൂപ.

(കെ) സാമൂഹ്യവനവൽക്കരണം ഒരു പ്രത്യേക വിഭാഗമായി പ്രവർത്തിച്ചുതുടങ്ങിയത് 1984 മുതലാണ്. 1984-85-ൽ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാബത്ത എന്നീ ഇനങ്ങളിൽ 35,52,386 രൂപയും 1985-86-ൽ ഇതുവരെ 54,54,689 രൂപയും ചെലവായിട്ടുണ്ട്.

(എൽ) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിവരങ്ങൾ താഴെ പറയുന്നു.

ചീഫ് കൺസർവേറ്റർ	—	1
കൺസർവേറ്റർ	—	2
ഡെപ്യൂട്ടി കൺസർവേറ്റർ	—	3
അസിസ്റ്റന്റ് കൺസർവേറ്റർ	—	18
റെയിഞ്ചർ	—	28
ഫോറസ്റ്റർ	—	133
ഫൈനാൻസ് മാനേജർ	—	1
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്	—	3
സീനിയർ സൂപ്രണ്ട്	—	1
ജൂനിയർ സൂപ്രണ്ട്	—	20
ഹെഡ് അക്കൗണ്ടന്റ്	—	19
യു. ഡി. ക്ലാർക്ക്	—	33
എൽ. ഡി. ക്ലാർക്ക്	—	57
പേഴ്സണൽ അസിസ്റ്റന്റ്	—	1
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	—	11
ടൈപ്പിസ്റ്റ് (എൽ. ഡി. യു. ഡി)	—	13
പ്യൂൺ/അറ്റൻഡർ	—	68
ഡ്രൈവർ	—	23
നൈറ്റ് വാച്ചർ	—	17
സ്വീപ്പർ (പാർട്ട് ടൈം)	—	23

അട്ടപ്പാടിയിലെ സാമൂഹ്യവനവൽക്കരണ പരിപാടി

55 [63] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ സാമൂഹ്യ വനവൽക്കരണ പരിപാടിയിൻ കീഴിൽ എത്ര ലക്ഷം ഉറുപ്പിക 28-2-1986-വരെ ചെലവായിട്ടുണ്ട് ;

(ബി) ഇതുമൂലം എത്ര മരങ്ങൾ വച്ചു പിടിപ്പിച്ചു ;

(സി) 28-2-1986-ൽ അവയിൽ എത്ര മരങ്ങൾ കേടുവരാതെ പിടിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 1985-86-ൽ ഏകദേശം 22,75,000 രൂപാ ചെലവായിട്ടുണ്ട്. അട്ടപ്പാടി പ്രദേശത്തെ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

(ബി) 1985-86-ൽ അട്ടപ്പാടിയിൽ ഉദ്ദേശം 16 ലക്ഷം തൈകൾ വിതരണം ചെയ്യുകയും സർക്കാർ വക ഭൂമിയിൽ 96,000 വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്തു. മുൻ കാലങ്ങളിൽ നട്ടിട്ടുള്ള തൈകൾ ഇപ്പോൾ എത്രയുണ്ടെന്നുള്ള പൂർണ്ണമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ്

56 [64] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

57 [65] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മൊത്തമുള്ള ക്രെഡിറ്റ് സഹകരണ സംഘങ്ങൾ എത്ര ;

(ബി) പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികളെത്ര ;

(സി) പ്രൈമറി ലാൻറ് ഡവലപ്പ്മെൻറ് ബാങ്കുകളെത്ര ;

(ഡി) പ്രൈമറി അർബൻ ബാങ്കുകളെത്ര ?

ഉത്തരം

(എ) 2926.

(ബി) 1570.

(സി) 37.

(ഡി) 71.

പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘം

58 [66] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടിഞ്ഞാറെ ചാലക്കുടിയിലുള്ള ആർ. 262-ാം നമ്പർ സർവ്വീസ് സഹകരണ സംഘത്തിൽ വലിയ അഴിമതി നടന്നതായി ഡിപ്പാർട്ടുമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly